ഫിഷർമെൻസ് റിലീഫ് ഫണ്ട്

* 423. [12] ശ്രീ. കെ. ഹസൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷർമെൻസ് റിലീഫ് ഫണ്ടിലേക്ക് 1963–64 വർഷത്തിൽ നീക്കിവച്ചിരുന്ന തുകയെത്ര ;

(ബി) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നപ്പോൾ ഈ സാമ്പത്തിക വർഷത്തിൽ ഡിസംബർ 31–ാംനു- വരെ അപകടമരണമുണ്ടായ മത്സ്യത്തൊഴിലാളികൾ എത്ര ;

(സി) അതിൽ മരിച്ചവരുടെ എത്ര കുടുംബങ്ങൾക്ക് സഹായധനം നൽകി ;

(ഡി) ഓരോ കുടുംബത്തിനും എത്ര ഉറുപ്പിക വീതം കൊടുത്തു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 25000 രൂപ.

(ബി) 15.

(സി) ഇതിനാവശ്യമായ ചട്ടങ്ങൾ 1963 ഡിസംബറിൽ അംഗീകരിച്ചു. സഹായം നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. എം. മത്തായി : ഈ ഫണ്ട് എന്തെല്ലാം കാര്യങ്ങൾക്കു വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

ശ്രീ. കെ. കുഞ്ഞമ്പു : മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ ആപത്തുപറ്റിയവർക്കുമാണ് ഈ സംഖ്യ അനുവദിക്കുന്നത്. മാക്സിമം 1000 രൂപാ കൊടുക്കണമെന്നാണ് ഇപ്പോൾ വച്ചിട്ടുള്ളത്. അപകടം പിണഞ്ഞു 15 ദിവസത്തിനകം അപേക്ഷ അയയ്ക്കണമെന്ന നിബന്ധനയുണ്ട്. അങ്ങനെ 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവർക്ക് ഈ മാർച്ച് അവസാനിക്കുന്നതിനുമുമ്പു കൊടുക്കാൻ കഴിയുമെന്നു വിചാരിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ : ആളിനു് അപകടം പറ്റാതെ വള്ളവും വലയും പൂർണ്ണമായി നഷ്ടപ്പെട്ടുപോകുന്നവർക്ക് ഇതിൽനിന്നും ധനസഹായം നൽകുമോ?

ശ്രീ. കെ. കുഞ്ഞമ്പു : ഈ ഫണ്ടിൽനിന്നും അങ്ങനെ കൊടുക്കുന്നതിനു വ്യവസ്ഥചെയ്തിട്ടില്ല. എന്നാൽ ഈ കാര്യം പരിശോധിക്കാവുന്നതാണു്.

ശ്രീ. ടി കൃഷ്ണൻ : കരുനാഗപ്പള്ളിഭാഗത്തു മൂന്നു നാലു ദിവസത്തിനുമുമ്പു് മത്സ്യത്തൊഴിലാളികൾ രണ്ടുഭാഗക്കാർ തമ്മിൽ സംഘട്ടനം ഉണ്ടായി എന്നും പത്തുപതിനഞ്ചുപേർ ഇപ്പോൾ ആശുപത്രിയിലാണെന്നും കേട്ടു. അവർക്കു് ധനസഹായം ചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : സ്വയം തമ്മിൽ അടിപിടി നടത്തുന്നവർക്കു് സഹായധനം കൊടുക്കാൻ നിവൃത്തിയില്ല.

ഹരിജൻ വെൽഫെയർ സ്കൂളുകളിലെ അദ്ധ്യാപകന്മാർ

* 424. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വെൽഫെയർ സ്കൂളുകളിൽ ഉള്ള അദ്ധ്യാപകന്മാർക്കു പി. എസ്സ്. സി.യുടെ അംഗീകാരം ലഭിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കൊല്ലം സർവ്വീസുള്ളവർക്കാണു് അംഗീകാരം ലഭിക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly